## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4196.** 16.03.2017 ന് മറുപടിയ്ക്ക്

## ഭൂമി കയ്യേറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. ജോയി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം താലൂക്കിലെ വെയിലൂർ വില്ലേജിലെ ബ്ലോക്ക് 2-ൽ റീസർവ്വേ 92/4 (മുൻ സർവ്വെ നമ്പർ 2067/5-1) ഉൾപ്പെട്ട 12.80 ആർ വിസ്തീർണ്ണമുള്ള സ്വകാര്യ വ്യക്തി കൈയ്യടക്കിയതായി അറിയുന്ന ഭൂമി എക്സൈസ് വകുപ്പിന്റെ അധീനതയിൽ ഉണ്ടായിരുന്നതാണോയെന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം താലൂക്കിലെ വെയിലൂർ വില്ലേജിലെ ബ്ലോക്ക് 2-ൽ റീസർവ്വേ 92/4 ഉൾപ്പെട്ട 12.80 ആർ ഭൂമി എക്സൈസ് വകുപ്പിന്റെ അധീനതയിലാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും നിലവിൽ വകുപ്പിൽ ലഭ്യമല്ല. കൂടാതെ വെയിലൂർ വില്ലേജിലെ ബി.റ്റി.ആർ. രേഖയിലുമില്ല. |
| (ബി) | പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ച് നല്കിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചുനൽകിയതായി വെയിലൂർ വില്ലേജ് ഓഫീസിലെ ബി.റ്റി.ആർ. രേഖയിലുമില്ല. |
| (സി) | സ്വകാര്യ വ്യക്തിക്ക് നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ എക്സൈസ് വകുപ്പിന്റേതായി മാറ്റുമോയെന്നും വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ